പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3774 23.08. 2017 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികകൾ**

ചോദ്യം

ശ്രീ.പി.ടി.തോമസ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിലെ വിവിധ പ്രൊമോഷൻ തസ്തികകളിലേതടക്കമുള്ള ഒഴിവുകൾ റെഗുലറൈസ് ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) വിവിധ പ്രമോഷൻ തസ്തികകളിലേതടക്കം നിലവിൽ വരുന്ന ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയും പ്രമോഷൻ നൽകേണ്ട ഒഴിവുകളിൽ പ്രമോഷൻ നൽകിയുമാണ് ഒഴിവുകൾ റെഗുലറൈസ് ചെയ്യുന്നത്. കോടതി ഉത്തരവുകളും, ഗവൺമെന്റ് ഉത്തരവുകളും നിലനിൽക്കുന്നതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പ്രമോഷൻ നൽകുന്നതിന് താമസം നേരിട്ടിട്ടുണ്ട്. |
| (ബി) കെ.എസ്.ഇ.ബി ലിമിറ്റഡിൽ എത്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികകൾ റെഗുലറൈസ് ചെയ്യുവാനുണ്ട് എന്നും ഇതിനുള്ള കാലതാമസത്തിന് കാരണവും വിശദമാക്കുമോ; | (ബി) 124 എണ്ണം തസ്തികകൾ റെഗുലറൈസ് ചെയ്യാനുണ്ട്. ഇതുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് ഓഫീസർ സംഘടനകൾ ആവശ്യപ്പെട്ടതിനാൽ അതുമായി ബന്ധപ്പെട്ട ചർച്ചകൾ പൂർത്തിയായിട്ടില്ല. ഇതുകാരണം തസ്തികകൾ റെഗുലറൈസ് ചെയ്യാൻ കാലതാമസം വന്നിട്ടുണ്ട്. |
| (സി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ ഇപ്പോൾ ഒഴിവുകൾ നിലവിലുണ്ടോ; വിശദ വിവരം നൽകുമോ; | (സി) നിലവിൽ ഒഴിവുകളില്ല. |
| (ഡി) കെ.എസ്.ഇ.ബി ലിമിറ്റഡിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിനുള്ള എത്ര അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) ഒഴിവുകൾ ഉണ്ട്; ഇത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകുമോ? | (ഡി) 40% പി.എസ്.സി. ക്വാട്ടയിൽ 14 ഉം 10% ട്രാൻസ്ഫർ അപ്പോയിന്റ്മെന്റുകൾ വഴിയുള്ള ക്വാട്ടയിൽ 2 ഉം ഒഴിവുകളുണ്ട്. ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ